(സി) ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റേയും പുനരുദ്ധാരണം സംബന്ധിച്ച് ഇ.ആർ.സി. നൽകുന്ന നിർദ്ദേശങ്ങളിന്മേൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ അഭിപ്രായംകൂടി പരിഗണിച്ചശേഷം ഓരോ കേസിലും പ്രത്യേകമായാണ് തീരുമാനമെടുക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങൾ സഹകാര്യമേഖലയ്ക്ക് കൈമാറാൻ നടപടി

*11 [241] ശ്രീ. പി. കെ. കെ. ബാവ:
,, സി. ടി. അഹമ്മദ് അലി:
,, കള്ളത്തിൽ അബ്ദുള്ള:
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ സഹകാര്യമേഖലയ്ക്ക് കൈമാറാൻ ആലോചിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയുടെ ഓഹരികൾ സഹകാര്യമേഖലയ്ക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വായ്പാകുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപ്പിലാക്കിയ ഒറ്റത്തവണ തീർപ്പ് വ്യവസ്ഥ

*12 [242] ശ്രീ. ടി. കെ. ബാലൻ:
,, എ. സി. മൊയ്തീൻ:
,, പി. സി. ജോർജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക വായ്പാ സഹകരണസംഘങ്ങളിലും ജില്ലാ സഹകരണ സംഘങ്ങളിലും ഉള്ള വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപ്പിലാക്കിയ ഒറ്റത്തവണ തീർപ്പ് വ്യവസ്ഥ ഉദാരമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ക്രഡിറ്റ് മേഖലയിലെ എല്ലാ സ്ഥാപനങ്ങളിലുമായി നോൺ പെർഫോമൻസ് അസറ്റായി മാറിയ മൊത്തം കുടിശ്ശിക, പലിശയും പിഴപ്പലിശയും പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് പിരിച്ചെടുക്കാൻ സർക്കാർ, സംഘങ്ങൾക്ക് സഹായം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly